# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂത്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: .KSA.TSR (P-11)122/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: .KSA.TSR (P-11)122/2023. തീയ്യതി: 20/03/2023

## തൃശ്ശൂർ ജില്ലയിലെ പുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 06-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 15-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റെഫിജോൺ,ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ
ശ്രീ സിജോ തോമസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജയകൃഷ്ണൻ സി ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീമതി ബിന്ദു കെ | സെക്രട്ടറി | 08-04-2021 | 28-04-2021 |
| ശ്രീമതി ശ്യാമള സി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-04-2021 | 23-05-2021 |
| ശ്രീമതി ബിന്ദു കെ | സെക്രട്ടറി | 24-05-2021 | 02-06-2021 |
| ശ്രീമതി ശ്യാമള സി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2021 | 18-07-2021 |
| ശ്രീമതി ദീപ എം കെ | സെക്രട്ടറി | 19-07-2021 | 31-10-2021 |
| ശ്രീ പോൾ കെ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2021 | 12-11-2021 |
| ശ്രീമതി ദീപ എം കെ | സെക്രട്ടറി | 13-11-2021 | 11-02-2022 |
| ശ്രീ പോൾ കെ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-02-2022 | 19-02-2022 |
| ശ്രീമതി ദീപ എം കെ | സെക്രട്ടറി | 20-02-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്യാമള സി വി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2021 | 15-07-2021 |
| ശ്രീ പോൾ കെ എം | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 31-03-2022 |
| ഡോ മനോജ് മാത്യു പി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജിനോ ജോസ് | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ,ജി എ ഡി | 01-04-2021 | 31-03-2022 |
| ഡോ. നീന | മെഡിക്കൽ ഓഫീസർ, ജി എച്ച് ഡി | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ ജോർജ്ജ് സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിൻസി ജോസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സജി പി എൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ജോയ്സി ജേക്കബ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുഷമ സി വി | ഡയറിഫാം എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുധ പി വി | വി ഇ ഒ, പുത്തൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ആമി ആനി ഐസക്ക് | വി ഇ ഒ, മാന്ദാമംഗലം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി രഹീന സി എ | വി ഇ ഒ,മരത്താക്കര സർക്കിൾ | 01-04-2021 | 21-10-2021 |
| ശ്രീമതി ആമി ആനി ഐസക്ക് | വി ഇ ഒ,മരത്താക്കര സർക്കിൾ | 22-10-2021 | 31-12-2021 |
| ശ്രീ അർജ്ജുൻ വിജയൻ | വി ഇ ഒ,മരത്താക്കര സർക്കിൾ | 01-01-2022 | 11-02-2022 |
| ശ്രീമതി ആമി ആനി ഐസക്ക് | വി ഇ ഒ,മരത്താക്കര സർക്കിൾ | 12-02-2022 | 31-03-2022 |
| ശ്രീ അനിൽകുമാർ | കൃഷി ഓഫീസർ | 01-04-2021 | 20-06-2021 |
| ശ്രീമതി ശ്രുതി പി ഡി | കൃഷി ഓഫീസർ | 21-06-2021 | 30-09-2021 |
| ശ്രീമതി ദിവ്യ സി ആർ | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബഡ്ജറ്റ് രൂപീകരണം - നിയമ വ്യവസ്ഥകൾക്കനുരൂപമായ നടപടികളില്ല | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപെൻഷനുകൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെട്ടുത്തിയിട്ടില്ല. | 1-10 |
| 12 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11 |
| 13 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-12 |
| 14 | വസ്തുനികുതി കുടിശ്ശിക-സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടുന്നില്ല | 1-13 |
| 15 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-14 |
| 16 | വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-15 |
| 17 | വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു | 1-16 |
| 18 | ലൈബ്രറി സെസ് ഡിമാന്റിൽ കുറവ് ചെയ്തത്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-17 |
| 19 | വസ്തുനികുതി മുൻകൂർ അധികം തുക ക്രമീകരിച്ചു. | 1-18 |
| 20 | വസ്തു നികുതി അഡ്വാൻസ് തുക Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു | 1-19 |
| 21 | ആകെ കിട്ടാനുള്ള തുകയുടെകാര്യത്തിൽ വസ്തുനികുതിയും ലൈബ്രറിസെസും പൊരുത്തപ്പെടുന്നില്ല | 1-20 |
| 22 | വാടക ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നു | 1-21 |
| 23 | മുൻകൂർ ലഭിച്ച വരുമാന തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി | 1-22 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല | |
| 24 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-23 |
| 25 | ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ,വർക്ക്ഷീറ്റ് എന്നിവ സൂക്ഷിക്കുന്നില്ല | 1-24 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-25 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-26 |
| 28 | പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല. | 1-27 |
| 29 | ഡെപോസിറ്റ് രജിസ്റ്ററിൽ വാടക ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തൻവർഷത്തെ മാത്രം ഉൾപെടുത്തിയിരിക്കുന്നു | 1-28 |
| 30 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു | 1-29 |
| 31 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല പഞ്ചായത്തിന് 32500/-രൂപയുടെ നഷ്ടം | 1-30 |
| 32 | ലൈസൻസ് ഫീസ് ഈടാക്കൽ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് | 1-31 |
| 33 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-32 |
| 34 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല | 1-33 |
| 35 | സർക്കാർ ഉത്തരവ് പാലിക്കാതെ വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ് നൽകി | 1-34 |
| 36 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-35 |
| 37 | മൊബൈൽ ടവറുകൾ വസ്തുനികുതിയിൽ കുടിശ്ശിക വരുത്തുന്നു | 1-36 |
| 38 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ | 1-37 |
| 39 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു | 1-38 |
| 40 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ അപാകതകൾ | 1-39 |
| 41 | ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-40 |
| 42 | രസീതി ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-41 |
| 43 | നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല | 1-42 |
| 44 | രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം | 1-43 |
| 45 | അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട എസ് സി/എസ് ടി പദ്ധതികളുടെ നിർവ്വഹണം ഹെഡ്മിസ്ട്രസ്സിനെ ഏൽപ്പിപ്പിച്ചു | 1-44 |
| 46 | മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതി-മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്,സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | 1-45 |

| | | |
|---|---|---|
| 47 | കാൻ വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 1-46 |
| 48 | സമഗ്ര കറവപ്പശു തീറ്റ വിതരണ പദ്ധതി- കേരള ഫീഡ്സിന്റെ ഇൻവോയ്സ്,കൈപ്പറ്റ് രസീത്,കാലിത്തീറ്റ വിതരണ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ 1500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 49 | ഔഷധിയിൽ നിന്നും ലഭ്യമാക്കിയ ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണ തിയതി ഇൻവോയ്സ് തിയതിക്കു ശേഷം രേഖപ്പെടുത്തിയിരിക്കുന്നു | 1-48 |
| 50 | ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-49 |
| 51 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - ആദ്യ ഗഡു കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണി പൂർത്തീകരിച്ചില്ല. | 1-50 |
| 52 | കന്നുകട്ടി പരിപാലനം -തീറ്റ മുഴുവൻ കൈപ്പറ്റാത്ത വ്യക്തികൾക്കായി അടവാക്കിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്. | 1-51 |
| 53 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ അപാകതകൾ | 1-52 |
| 54 | ടെണ്ടർ സമർപ്പിക്കുന്നതിന് മതിയായ സമയ പരിധി അനുവദിച്ചിട്ടില്ല | 1-53 |
| 55 | പദ്ധതി നടത്തിപ്പിലെ കാലവിളംബം | 1-54 |
| 56 | ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് പ്രതിഫലം ഇനത്തിൽ അധികം തുക നൽകി | 1-55 |
| 57 | എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി കണക്കാക്കേണ്ടതില്ലാത്ത ഇനങ്ങൾക്ക് അന്തിമബില്ലിൽ ജി.എസ്.ടി ഈടാക്കി | 1-56 |
| 58 | സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ല | 1-57 |
| 59 | ദുരിതാശ്വാസ നിധി - ലക്ഷ്യങ്ങൾക്കനുസൃതമായ നടപടികളില്ല | 1-58 |
| 60 | ധനവിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-59 |
| 61 | സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനം | 1-60 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് പ്രതിഫലം ഇനത്തിൽ അധികം തുക നൽകി | 3-1 |
| 2 | എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി കണക്കാക്കേണ്ടതില്ലാത്ത ഇനങ്ങൾക്ക് അന്തിമബില്ലിൽ ജി.എസ്.ടി ഈടാക്കി | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 329372595 | 323374000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 22.03.2022, തീരുമാനം5(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 430145062 | 417817908 |

### 1-1-1 ബഡ്ജറ്റ് രൂപീകരണം - നിയമ വ്യവസ്ഥകൾക്കനുരൂപമായ നടപടികളില്ല

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ബജറ്റ് ഫയൽ ഹാജരാക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/24.12.22) മറുപടി ലഭ്യമാക്കിയില്ല.

1.ബഡ്ജറ്റിൽ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ? അല്ലെങ്കിൽ ഡി.പി.സി അംഗീകരിച്ച മുഴുവൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടോ ?(കേ.പ.രാ.നിയമം വകുപ്പ് 175(1),214(1))(സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 ഖണ്ഡിക 14.4)

2.വാസ്തവികമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3.സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേ.പ.രാ.നിയമം വകുപ്പ് 214(1)) ചെയ്തിട്ടുണ്ടോ ?

4.ജനുവരി 15 ന് മുമ്പ് മറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1)) അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

5.G.O.(Rt.)No.3291/2016/LSGD Dt.02.12.2016പ്രകാരം *Manual On Finance Management:Budget* സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാനുവലിന്റെ ഖ. 1.3(x)ൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, ബജറ്റ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന ഫോർമാറ്റിലാണ് അവതരിപ്പിക്കേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. ബജറ്റ് സ്റ്റേറ്റ്മെന്റിലെ ഘടകങ്ങളായ പെർഫോമൻസ് ബഡ്ജറ്റ്, ജെൻഡർ ബഡ്ജറ്റ് എന്നിവ 2021-22ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?.

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 04.08.2022 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33735049 |
| വരവ് | 158436155 |
| ആകെ | 192171204 |
| ചെലവ് | 145216654 |
| നീക്കിയിരിപ്പ് | 46954550 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 26789733 | 25929699 | 860034 |
| വികസനഫണ്ട്-എസ് സി പി | 13622520 | 12982890 | 639630 |
| വികസനഫണ്ട്-ടി എസ് പി | 807300 | 681120 | 126180 |
| മെയിന്റനൻസ്-റോഡ് | 21662600 | 17098944 | 4563656 |
| മെയിന്റനൻസ്-റോഡിതരം | 10950081 | 4667778 | 6282303 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 17332638 | 5114985 | 12217653 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 11416688 | 6045354 | 5371334 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 294 | 244325929 | 160 | 92684693 | 22 | 112 | 54.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1007630 | 1007630 | 1007630 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35094169 | 35094169 | 35094169 | 0 |
| ആകെ | 0 | 36101799 | 36101799 | 36101799 | 0 |

തൊഴിലുറപ്പുപദ്ധതിയുടെ വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവ് 36101546രൂപയും തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് 36101799 രൂപയുമാണ്.ഈ വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9668600 | 606 |
| വിധവാ പെൻഷൻ | 37285700 | 2527 |
| വാർദ്ധക്യകാലപെൻഷൻ | 66593400 | 5044 |
| വികലാംഗപെൻഷൻ | 8524100 | 578 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3453600 | 236 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 510000 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-12-2022 തീയതിയിൽ 3:20 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24248/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ശരാശരി നിലവാരം പുലർത്തുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻക്കൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3876027 | 3513977 | 82857 | 290255 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3876027<br>(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 3496192<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | 82857<br>( 350410101-Advance Collection-PT On Res. | *296976<br>*311825( /105X100)= 296976<br>(ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-12 വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5820972 | 5232987 | 60342 | 541298 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5820972 | 5216429 | 60342 | *544138 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 571345 /105X100)=544138 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-13 വസ്തുനികുതി കുടിശ്ശിക-സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1076710 | 728725 | 350873 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1077010 | 717013 | **360105 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (702401+428460= 1130861/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (378110/105X100)=360105, |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1833236 | 1032226 | 801436 |
| വാർഷികകണക്കിലെ | 1817596 | 1031803 | 801672 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *798929+1109547= 1908476/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(841756/105X100)=801672, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-14 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസി ഡൻഷ്യൽ | 197996 | 57345 | 255341 | 178966 | 37222 | 216188 | 4625 | | 14847 | 18404 | 33260 |
| | നോൺ-റെസി ഡൻഷ്യൽ | 291948 | 92478 | 384426 | 262355 | 51804 | 314159 | 3096 | | 27144 | 40320 | 67467 |
| | ആകെ | | | 639767 | | | 530347 | 7721 | | 100727 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 787175 | | | 528260 | | | | 686358 | 100727 | | |
| | | 147408+639767 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-15 വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 8211 | 1892031 |
| 2 | 350410104-Advance Collection Of Revenues -Property | 17135 | 404641 |

| | | | | |
|---|---|---|---|---|
| | Tax On Non-Residential Building | | | |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-16 വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 322 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-17 ലൈബ്രറി സെസ് ഡിമാന്റിൽ കുറവ് ചെയ്തത്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 530447 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 528260 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 686358രൂപയാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-18 വസ്തുനികുതി മുൻകൂർ അധികം തുക ക്രമീകരിച്ചു.

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4038 | 82857 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 8587 | 60342 |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-19 വസ്തു നികുതി അഡ്വാൻസ് തുക Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ച

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 82857+60342=143199 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100266 | 02.04.2021 | 82857 |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 42100266 | 02.04.2021 | 60342 |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-20 ആകെ കിട്ടാനുള്ള തുകയുടെകാര്യത്തിൽ വസ്തുനികുതിയും ലൈബ്രറിസെസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2103036രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 100144 (2103036/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 100727രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-21 വാടക ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിയ്ക്കുന്നു

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (25കെട്ടിടങ്ങൾ) | 130100101-Rent From Building | 240890 | 01.04.2021 | 42100219 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-22 മുൻകൂർ ലഭിച്ച വരുമാന തുകകൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രം.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 600 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 272360 |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-23 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-24 ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ,വർക്ക്ഷീറ്റ് എന്നിവ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

### 1-26 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13219501രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17443081രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-27 പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 141325 |
| 280100102-Prior Period Income -Profession Tax-Institutions/Professionals /Traders | (39690) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (16143) |
| 280200201-Prior Period Income-License Fees | (11200) |
| 280200401-Prior Period Income-Other Income | 545712 |
| 280800101-Prior Period-Establishment Expenses | (9202) |
| 280800301-Prior Period- Operations And Maintenance Expenses | 222000 |
| 280800501-Prior Period- Programme Expenses | (10315896) |
| 280800701-Prior Period- Miscellaneous Expenses | (279057) |

(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

### 1-28 ഡെപോസിറ്റ് രജിസ്റ്ററിൽ വാടക ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തൻവർഷത്തെ മാത്രം ഉൾപെടുത്തിയിരിക്കുന്നു

ഡെപോസിറ്റ് രജിസ്റ്ററിൽ റെന്റ് ഡെപോസിറ്റ് ഇനത്തിൽ ആകെ 271037 നീക്കിയിരിപ്പുണ്ടെങ്കിലും തൻവർഷം ലഭിച്ച തുകയായ 13824 രൂപമാത്രമാണ് ഉൾപെടുത്തിയിട്ടുള്ളത്. നീക്കിയിരിപ്പുള്ള മുഴുവൻ തുകയും ഉൾപെടുത്തി രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ :1/17.12.2022)

### 1-29 തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FTEAOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | കല്യാൺ ഫുഡ്സ് & സ്പൈസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 23 |
| 2. | ജെ.ജെ ഓട്ടോമേഷൻസ് | 4 |
| 3. | കൃഷ്ണ മാർബിൾസ് & ഗ്രാനൈറ്റ്സ് | 5 |
| 4. | Machine Made Bricks | 7 |
| 5. | പരുമല മോട്ടോർസ് | 8 |
| 6. | ശാസ്താ പെട്രോൾ പമ്പ് | 6 |
| 7. | Evershine Tiles | 20 |
| 8. | ട്രിച്ചൂർ ഓട്ടോ സെന്റർ | 7 |
| 9. | ആരോഗ്യ ഹൈടെക് ലബോറട്ടറി | 3 |
| 10. | കോൺകോർഡ് എന്റർപ്രൈസസ് | 10 |
| 11. | വാൾ ടെക്ക് കോട്ട്സ് | 6 |
| 12. | മാർക്ക് അസോസിയേറ്റ്സ് | 7 |
| 13. | St.Mary's Timbers | 4 |
| 14. | മേച്ചേരി വുഡ് പാക്കേഴ്സ് | 4 |
| 15. | ടൂ സ്റ്റാർ സോമിൽ | 4 |
| 16. | പുത്തൂർ ഫ്യൂവൽസ് | 6 |
| 17. | സെന്റ്.പയസ് ക്ലേ വർക്ക്സ് | 25 |
| 18. | KSE LIMITED | 8 |
| 19. | ആൽഫാ സാൻഡ് | 6 |
| 20. | നവീൻ ഫുഡ് പ്രൊഡക്ട്സ് | 11 |
| 21. | ഹൈസൺ മോട്ടോർസ് | 10 |
| 22. | കല്യാൺ അഗ്രോ ഫുഡ്സ് | 6 |
| 23. | വിക്ടറി പ്രൊഡക്ട്സ് | 5 |
| 24. | സ്വാദ് ഫുഡ് പ്രൊഡക്ട്സ് | 16 |
| 25. | ചാണ്ടീസ് ഓട്ടോ സ്പെയേഴ്സ് | 13 |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാതിരുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/21-22, തീയതി:21.12.2022.)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെല്ലാം തന്നെ മൂന്നോ അതിലധികമോ ജീവനക്കാരെ വെച്ച് പ്രവർത്തിക്കുന്നവയാണ്. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിരുന്നുവെങ്കിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനാകുമായിരുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ലൈസൻസ് അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ച് തരാൻ സ്ഥാപനയുടമയോട് ആവശ്യപ്പെടുകയും, പ്രസ്തുത അപേക്ഷയിൽ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഈടാക്കാവുന്നതാണ്. കൂടാതെ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

II. തൊഴിൽ നികുതി- കൃത്യമായി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| GLPS പുത്തൂർ | 2021-22 | I | പൊറിഞ്ചു K.N | 131050 | 1000 | 1250 |
| | | II | | 129690 | 1000 | 1250 |
| കൈനൂർ പോസ്റ്റ്ഓഫീസ് | 2021-22 | II | ഉഷ E.C | 76080 | 600 | 750 |
| സെന്റ്.ജോൺസ് കിന്റർഗാർട്ടൻ | 2021-22 | I | Sr. ശിൽപ | 60104 | 450 | 600 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺ പരിശോധിച്ചതിൽ മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.13/21-22, തീയതി:21.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-30 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല പഞ്ചായത്തിന് 32500/-രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും അവർക്ക് കരാർ നൽകിയതിന്റെ മൂല്യത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പ്രകാരം പഞ്ചായത്ത് പരിധിയിൽ 13 അംഗീകൃത കരാറുകാർ ഉണ്ട്.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | പി.ആർ വിജയകുമാർ |
| 2. | ഒ.യു ഏലിയാസ് |
| 3. | എ.എൽ ജോൺ |
| 4. | വി.വി അജയകുമാർ |
| 5. | കെ. അജയകുമാർ |
| 6. | കെ.ജെ ഡേവിസ് |
| 7. | സേവ്യർ ആന്റു |
| 8. | പി.വി ചന്ദ്രൻ |
| 9. | വി.വി ജോൺസൺ |
| 10. | ജോമിൽ ആന്റണി |
| 11. | എ.ജി രാമകൃഷ്ണൻ |
| 12. | എം.ഗോഗിൻ |
| 13. | ടോജോ കെ.എം |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.8/21-22, തീയതി:21.12.2022)

മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും അവർക്ക് കരാർ നൽകിയതിന്റെ മൂല്യത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-31 ലൈസൻസ് ഫീസ് ഈടാക്കൽ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിൻറെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. പ്രസ്തുത ഭേദഗതി പ്രകാരം ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിലും, സേവന മേഖലയിൽ 10 ലക്ഷം രൂപയിലും കവിയാത്തതുമായ സ്ഥാപനങ്ങളെ മൈക്രോ എന്റർപ്രൈസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് ആയി തരംതിരിച്ച് ആയവയ്ക്ക് ഈടാക്കുന്ന പരമാവധി ലൈസൻസ് ഫീ യഥാക്രമം 1000, 5000, 10000, 15000 എന്ന നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററും, ഉടമകൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളും പരിശോധിച്ചപ്പോൾ 10 ലക്ഷത്തിനു താഴെ മൂലധനനിക്ഷേപമുള്ള സേവന മേഖലയിൽ ഉൾപ്പെടുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽ പറഞ്ഞ ഉത്തരവ് പ്രകാരമുള്ള തുകയല്ല ലൈസൻസ് ഫീസ് ഇനത്തിൽ വാങ്ങിയിരിക്കുന്നത്. കൂടാതെ ഒരേ ഗണത്തിൽപ്പെടുന്ന ക്രമ നം.6,7,8 ലെ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ ലൈസൻസ് ഫീസും ഈടാക്കിയിട്ടുണ്ട്. ആയതിനാൽ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസിൽ നിന്നും വ്യതിചലിച്ച് ലൈസൻസ് ഫീ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഉത്തരവിൽ നിന്നും വ്യതിചലിച്ച് ഫീസ് ഈടാക്കിയതിനും, ഒരേ ഇനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് വ്യത്യസ്ത ലൈസൻസ് ഫീസ് നിശ്ചയിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.7/21-22, തീയതി:21.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒരേ ഇനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നതു പോലുള്ള അപാകതകൾ ഒഴിവാക്കുന്നതിനും കൃത്യമായ ലൈസൻസ് ഫീസ് ഈടാക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് ഫീസ് |
|---|---|---|
| 1. | ജീവൻ സ്പെഷ്യാലിറ്റി ലബോറട്ടറി | 200 |
| 2. | ബ്രൈറ്റ് ബേക്കറി | 300 |
| 3. | ആൻസി സ്റ്റോഴ്സ് | 400 |
| 4. | കിച്ചൂസ് ഫാൻസി ഫൂട്ട്‌വെയർ | 300 |
| 5. | ദേവി ഏജൻസീസ് | 400 |
| 6. | സിയോൺ ഫുഡ് & ഫ്ലോർ മിൽ | 300 |
| 7. | അരുൺ ഫ്ലോർ മിൽ | 400 |
| 8. | മരിയ ഫ്ലോർ മിൽ | 300 |
| 9. | മാതാ ചിപ്സ് | 400 |
| 10. | സപ്ലൈകോ മാവേലി സ്റ്റോർ | 300 |
| 11. | മദർ ഇൻഡസ്ട്രീസ് | 300 |
| 12. | തിരുവാതിര സ്റ്റോഴ്സ് | 200 |
| 13. | കുന്നത്ത് പെയിന്റ്സ് | 300 |

## 1-32 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

I. മൽസ്യ വിപണന കടകൾ,മാംസ വിപണന കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.45 പ്രകാരം മൽസ്യ സംഭരണ/വിപണന കടകൾ, ക്രമ നം.130 പ്രകാരം കോഴി,പന്നി,ആട് സംഭരണ/വിപണന കടകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 1. കെ.വി ചിക്കൻ സെന്റർ, 2. വി.ജെ അസോസിയേറ്റ്സ് എന്നീ രണ്ട് മാംസ വിപണന സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ പരിശോധനയിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന് 1.5 കി.മീ പരിധിയിൽ പ്രവർത്തിക്കുന്നതായി കണ്ടു.

1. നൈസ് ബീഫ് സെന്റർ, ഇളംതുരുത്തി
2. ഇ-മാർട്ട് ഫാം ഫ്രഷ് ചിക്കൻ & മീറ്റ് സെന്റർ
3. ഫാം ഫ്രഷ് ചിക്കൻ സെന്റർ, പുത്തൂർ
4. ഇമ്മാനുവൽ ചിക്കൻ സെന്റർ, പുത്തൂർ
5. എം.ജി ചിക്കൻ സെന്റർ, പുത്തൂർ

1.5 കി.മീ പരിധിയിൽ തന്നെ അഞ്ച് മാംസ വിപണന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ 23 വാർഡ് അടങ്ങിയ പുത്തൂർ ഗ്രാമപഞ്ചായത്തിൽ മേൽ പറഞ്ഞ അഞ്ച് സ്ഥാപനങ്ങൾക്ക് പുറമെ ധാരാളം മൽസ്യ/മാംസ വിപണന കടകൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ആയതിനാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ എത്ര മൽസ്യ സംഭരണ/വിപണന കടകൾ, കോഴി,പന്നി,ആട് സംഭരണ/വിപണന കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.12/21-22 തീയതി:21.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിച്ച് പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര മാംസവിപണന കടകളും, മൽസ്യവിപണന കടകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

II. റേഷൻ കട, അബ്കാരി ഷാപ്പ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പറഞ്ഞ സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ആയതിനാൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.9/21-22 , തീയതി:21.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകളും, അബ്കാരി ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച് തനത്തവരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

III. ഷോപ്പിംഗ് കോംപ്ലക്സ് റൂം വാടകയ്ക്കെടുത്തവർ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഓഡിറ്റിന് ഹാജരാക്കിയ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ വെട്ടുകാട് ഷോപ്പിംഗ് കോംപ്ലക്സിലെ 11/435 നമ്പർ റൂം വാടകക്കാരനും , കരിങ്ങുമൂല ഷോപ്പിംഗ് കോംപ്ലക്സിലെ 14/210D റൂം വാടാകക്കാരനമാണ് പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുത്തിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നിരിക്കെ ചുവടെ പറയുന്ന റൂമുകൾ വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.29/21-22, തീയതി: 23.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെ കൊണ്ട് ലൈസൻസ് എടുപ്പിച്ച് പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

| വെട്ടുകാട് ഷോപ്പിംഗ് കോംപ്ലക്സ് | | |
|---|---|---|
| ക്രമ നം. | കെട്ടിട നമ്പർ | കൈവശക്കാരൻ |
| 1. | 11/424 | തങ്കമ്മ സ്കറിയ |

| | | |
|---|---|---|
| 2. | 11/425 | N.L റപ്പായി |
| 3. | 11/426 | K.A ജോയ് |
| 4. | 11/427 | വേലായുധൻകുട്ടി |
| 5. | 11/428 | വേലായുധൻകുട്ടി |
| 6. | 11/429 | സംഗീത രഞ്ജിത്ത് |
| 7. | 11/430,431,432,433,434 | സി.കെ പ്രകാശൻ |
| 8. | 11/435B | വേണിത വിജീഷ് |
| കുരിശുമൂല ഷോപ്പിംഗ് കോംപ്ലക്സ് | | |
| 1. | 14/210A | രവി കാട്ടുങ്ങൽ |
| 2. | 14/210B | ടി.ജെ പാപ്പുകുട്ടി |
| 3. | 14/210C | രജീഷ് |
| 4. | 14/210E | സുബിൻ കുമാർ |

## 1-33 വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല

2021-22 വർഷത്തെ ഓഡിറ്റിനായി പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളുടെ (വെട്ടുകാട്, കുരിശുമൂല ഷോപ്പിംഗ് കോംപ്ലക്സുകൾ) വാടക രജിസ്റ്ററും, വാടകക്കാരുമായി കരാർ ഉടമ്പടിയിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നുവെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള വാടക ബൈലോ ഹാജരാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി,കൃത്യത, അഡ്വാൻസ്,ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ പുത്തൂർ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.28/21-22, തീയതി:23.12.2022 ) മറുപടി ലഭ്യമാക്കുകയോ, ബൈലോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചട്ടപ്രകാരമുള്ള വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

## 1-34 സർക്കാർ ഉത്തരവ് പാലിക്കാതെ വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ് നൽകി

26.05.2017 ലെ സ.ഉ(കൈ)നം.106/2017/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ വിമുക്തഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടി വരെ വിസ്തീർണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വസ്തുനികുതിയിൽ ഇളവ് ലഭിക്കുന്നതിനായി ഓരോ വർഷവും മാർച്ച് 31 ന മുമ്പ് അതത് ഗ്രാമപഞ്ചായത്തിൽ നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ നികുതി ഇളവ് നൽകിയത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചപ്പോൾ 114 വിമുക്തഭടന്മാർക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിലും ആകെ 16 പേരുടെ അപേക്ഷ/സാക്ഷ്യപത്രം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഈ സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.20/21-22 തീയതി.22.12.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിമുക്തഭടന്മാർക്ക് വസ്തുനികുതിയിൽ ഇളവ് നൽകുന്നത് സർക്കാർ ഉത്തരവ് പാലിച്ച കൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-35 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

I. ലൈസൻസ് എടുത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2021-22 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിനാൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.19/21-22, തീയതി:22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനും, ഫീസ് അടയ്ക്കുവാനും പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ട് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ലൈസൻസിനോടൊപ്പം തന്നെ പുതുക്കി നൽകാവുന്നതാണ്.

1. മണിപ്പാൽ ഹൈടെക് ഡെന്റൽ ക്ലിനിക്
2. ജെ.പി ക്ലിനിക്ക് & ലാബ്

II. ലൈസൻസും, രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്ന

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. 2021-22 സാമ്പത്തികവർഷത്തിൽ എട്ട് സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പരിശോധനയിൽ പഞ്ചായത്തിന് 400 മീ ചുറ്റളവിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസും മുൻകൂർ രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ട്രിനിറ്റി ഡെന്റൽ കെയർ, പുത്തൂർ
2. ഡോ. പ്രദീക്ഷ്'സ് ഡെന്റൽ ക്ലിനിക്ക്, പുത്തൂർ
3. കെ.ജെ ക്ലിനിക്ക്
4. വന്ദന ഹൈടെക്ക് ലാബ് & ഇ.സി.ജി

പ്രസ്തുത സ്ഥാപനങ്ങൾ മുൻകൂർ രജിസ്ട്രേഷനും, ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/21-22, തീയതി:22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് രജിസ്ട്രേഷനും,ലൈസൻസും എടുപ്പിച്ച് പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ 400 മീറ്റർ ചുറ്റളവിൽ ഇത്രയും സ്ഥാപനങ്ങൾ ലൈസൻസും, രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ 23 വാർഡ് അടങ്ങിയ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ധാരാളം പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഇപ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി നിർബന്ധമായി ലൈസൻസും,രജിസ്ട്രേഷനും എടുപ്പിക്കാവുന്നതും തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

## 1-36 മൊബൈൽ ടവറുകൾ വസ്തുനികുതിയിൽ കുടിശ്ശിക വരുത്തുന്നു

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥയോടൊപ്പം കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ 21 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിൽ ചുവടെ പറയുന്ന ടവറുകളുടെ ഉടമസ്ഥർ വസ്തുനികുതി അടവാക്കുന്നതിൽ കുടിശ്ശിക വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 7/323A | BSNL | 2335 | 7046 |
| 2. | 12/366A | Reliance | 3000 | 12836 |
| 3. | 16/757D | Reliance | 3000 | 13394 |
| 4. | 19/584A | BSNL | 3000 | 56700 |
| 5. | 23/72A | BSNL | 3000 | 16573 |

| | | | | |
|---|---|---|---|---|
| 6. | 23/258A | Reliance | 3000 | 50397 |
| ആകെ | | | | 156946 |

മൊബൈൽ ടവറിന്റെ ഉടമസ്ഥരിൽ നിന്നും കൃത്യമായി വസ്തുനികുതി ഈടാക്കാത്തത് പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് വരുത്തുമെന്നിരിക്കെ മേൽപറഞ്ഞ മൊബൈൽ ടവറുകൾ കുടിശ്ശിക വരുത്തി പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.21/21-22, തീയതി:22.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മൊബൈൽ ടവർ ഉടമസ്ഥരിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-37 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

ഓഡിറ്റിന്റെ ഭാഗമായി ന്യൂ ബിൽഡിംഗ് രജിസ്റ്ററും, അനുബന്ധ ഫയലുകളും പരിശോധിക്കുകയുണ്ടായി. ആയതിൽ ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിശ്ചയിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു.

I. ശ്രീ. മനോജൻ എ.വി യുടെ 3/220B നമ്പർ കെട്ടിടം

ശ്രീ. മനോജൻ എ.വി ഉടമസ്ഥനായ കെട്ടിടത്തിന് 3/220B എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലിലെ പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശനം 8 മീറ്റർ വീതിയുള്ള പുത്തൂർ - മാന്നാമംഗലം റോഡിൽ നിന്നുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള ചെറുകുന്ന് ആൽ റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും,വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% അധിക വർദ്ധന വരുത്താവുന്നതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് വഴി സൗകര്യത്തിൽ ഇളവോ, വർദ്ധനയോ നൽകിയിട്ടില്ല. പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലർക്കിനോട് പഞ്ചായത്തിലെ മേഖലകളാക്കി തരംതിരിച്ചതിനെ കുറിച്ച് ആരാഞ്ഞപ്പോൾ പ്രധാനപ്പെട്ട റോഡിന് അഭിമുഖമായി വരുന്നതെല്ലാം പ്രാഥമിക മേഖലകളായി കണക്കാക്കുന്നു എന്നാണ്. ആയത് പ്രകാരം പുത്തൂർ-മന്നാമംഗലം പ്രധാന പാതയിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടം പ്രാഥമിക മേഖലയിലാണ് ഉൾപ്പെടുന്നത്. എന്നാൽ ഈ കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയിരിക്കുന്നു. ഇപ്രകാരം ഇളവ് നൽകിയതിലൂടെ ആകെ നികുതിയിൽ 634 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 50.35 M2 |
| അടിസ്ഥാന നികുതി | 40 |
| അടിസ്ഥാന വസ്തു നികുതി | 2014 |
| ഇളവുകൾ(ദ്വിതീയം -10%) | 201.40 |
| വർദ്ധന | 0.0 |
| വാർഷിക വസ്തു നികുതി | 1813 |
| ലൈബ്രറി സെസ്സ് | 90.65 |
| ആകെ നികുതി തുക | 1904/- രൂപ |

.

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 50.35 M2 |
| അടിസ്ഥാന നികുതി | 40 |
| അടിസ്ഥാന വസ്തു നികുതി | 2014 |
| ഇളവുകൾ | 0.00 |

| | |
|---|---|
| വർദ്ധന(5 മീറ്ററിൽ കൂടുതലുള്ള പ്രവേശന മാർഗ്ഗം -20%) | 403 |
| വാർഷിക വസ്തു നികുതി | 2417 |
| ലൈബ്രറി സെസ്സ് | 121 |
| ആകെ നികുതി തുക | 2538 രൂപ |

II. ശ്രീമതി. മോളി ഡേവിസിന്റെ 14/87A,87B,87C,87D നമ്പർ കെട്ടിടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 ആം ചട്ടം 1 ആം ഉപചാട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2) ആം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കര്ഷിച്ചിരിക്കുന്നു. ഇതുപ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികളായി തിരിച്ചതിന് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ശ്രീമതി. മോളി ഡേവിസിന്റെ ഉടമസ്ഥതയിലുള്ള 14/87A,87B,87C,87D എന്നീ നമ്പർ റൂമുകൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 127.44 ചതുരശ്ര മീറ്ററാണ്. ആയത് പ്രകാരം പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 31.86 ച.മീ വിസ്തീർണമുള്ള 4 മുറികളായി തിരിച്ച് അവയെ 100 ച.മീ വരെ തറ വിസ്തീർണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം നികുതി നിശ്ചയിച്ചതിലൂടെ വസ്തുനികുതി ഇനത്തിൽ 3211 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 31.86 X 4=127.44 |
| അടിസ്ഥാന നികുതി | 40 |
| അടിസ്ഥാന വസ്തു നികുതി | 1274.4x4=5098 |
| ഇളവുകൾ | 0.00 |
| വർദ്ധന (20%) | 254.8x4=1019 |
| വാർഷിക വസ്തു നികുതി | 6117 |
| ലൈബ്രറി സെസ്സ് | 306 |
| ആകെ നികുതി തുക | 6423/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 31.86x4=127.44 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 1911.6x4=7646 |
| ഇളവുകൾ | 0.00 |
| വർദ്ധന | 382.32x4=1529 |
| വാർഷിക വസ്തു നികുതി | 9175 |

| | |
|---|---|
| ലൈബ്രറി സെസ്സ് | 459 |
| ആകെ നികുതി തുക | 9634 രൂപ |

മേൽ പറഞ്ഞ അപാകതകൾ മൂലം വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ ആകെ നികുതിയിൽ ഒരു വർഷം 3845 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത്തരത്തിൽ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.31/21-22, തീയതി:23.12.2022 )മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി നിർണ്ണയത്തിൽ വരുത്തുന്ന അപാകതകൾ തനതുവരുമാനത്തെ ബാധിക്കുമെന്നതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധവെച്ച് പുലർത്തേണ്ടതാണ്.

## 1-38 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കാനറാ ബാങ്കിലെ 3533101006128 നമ്പർ തനത് ഫണ്ട് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചപ്പോൾ തനത് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുമ്പോൾ ഒരു പിൻവലിക്കലിന് 119 രൂപ എന്ന കണക്കിൽ ബാങ്ക് തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 മെയ് മാസത്തിലെ പിൻവലിക്കലുകളുടെ ലിസ്റ്റ് ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | പിൻവലിച്ച തുക | ബാങ്ക് ചാർജ്ജ് |
|---|---|---|---|
| 1. | 10.05.2021 | 24073 | 119 |
| 2. | 12.05.2021 | 7825 | 119 |
| 3. | 12.05.2021 | 3053 | 119 |
| 4. | 12.05.2021 | 4100 | 119 |
| 5. | 12.05.2021 | 4620 | 119 |
| 6. | 14.05.2021 | 7979 | 119 |
| 7. | 14.05.2021 | 25235 | 119 |
| 8. | 19.05.2021 | 2946 | 119 |
| 9. | 21.05.2021 | 16250 | 119 |
| 10 | 21.05.2021 | 5810 | 119 |
| 11. | 21.05.2021 | 10118 | 119 |
| 12. | 21.05.2021 | 50556 | 119 |
| 13. | 24.05.2021 | 3401 | 119 |
| 14. | 24.05.2021 | 12365 | 119 |
| 15. | 26.05.2021 | 968 | 119 |
| 16. | 31.05.2021 | 3377 | 119 |

പ്രസ്തുത അക്കൗണ്ടിൽ ലക്ഷങ്ങളുടെ ഡെപ്പോസിറ്റ് നൽകിയിട്ടും ഓരോ പിൻവലിക്കലിനും ബാങ്ക് ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഈടാക്കിയ ബാങ്ക് ചാർജ് തിരികെ ലഭിക്കുന്നതിനോ ബാങ്ക് അധികൃതരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയമോ/ നടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/21-22, തീയതി:23.12.2022 ) ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിന് ബാങ്കിന് കത്തയച്ചതിനാൽ ചാർജ് ഈടാക്കുന്നത് 2022-23 സാമ്പത്തികവർഷം നിർത്തലാക്കിയിട്ടുണ്ടെന്നും മുൻകാലങ്ങളിൽ ഈടാക്കിയ തുക തിരികെ നൽകുന്നതാണെന്ന് ബാങ്ക് അധികൃതർ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഈടാക്കിയ തുക തിരികെ ലഭ്യമാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-39 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് പരിശോധനയ്ക്കായി ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ മരണപ്പെട്ടവരുടെ റിപ്പോർട്ട് വിശദാംശങ്ങൾ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നതായും, മരണശേഷവും അക്കൗണ്ടുകൾ ആക്ടീവായി തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണ ശേഷവും അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാതെ ആക്റ്റീവ് ആയി തുടരുന്നതിനും, മരണശേഷവും മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.15/21-22, തീയതി:22.12.2022) ഗുണഭോക്താക്കൾ മരിച്ച വിവരം ബന്ധുക്കൾ യഥാസമയം അറിയിക്കാതിരുന്നതുകൊണ്ടാണ് അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യാൻ സാധിക്കാതിരുന്നതെന്നും, ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മരണശേഷവും തുക പോയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ മരണ ശേഷവും ആക്ടീവായി തുടരുന്ന അക്കൗണ്ടുകൾ കണ്ടെത്തി സസ്പെൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മരണശേഷവും തുക അധികമായി അനുവദിച്ചവരിൽ നിന്നും തിരികെ ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | പെൻഷനറുടെ പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐ.ഡി | പെൻഷൻ തരം | നിലവിലെ സ്ഥിതി | പെൻഷൻ അധികമായി അനുവദിച്ച കാലയളവ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1. | KUTTAPPAN P.V | 25.01.2021 | 107440200381 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ACTIVE | 02/2021-09/2022 | 32000 |
| 2. | K.A SUNNY ANTHONY | 18.05.2021 | 107440201259 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ACTIVE | 07/2021-09 /2022(തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല) 10,11/2022 –(തുക ബാങ്കിന് കൈമാറി) | |
| 3. | CHACKO | 25.10.2021 | 107440202488 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ACTIVE | 11/2021-09/2022<br><br>10,11/2022 –(തുക ബാങ്കിന് കൈമാറി) | 17600 |
| 4. | KARTHYAYANI | 10.08.2021 | 107440203879 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ACTIVE | തടഞ്ഞ് വച്ചിരിക്കുന്നു | |
| 5. | KARUNAKARAN | 12.12.2021 | 107440201924 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | ACTIVE | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല | |
| 6. | KOCHAPPAN N.R | 30.08.2021 | 107440202857 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ACTIVE | 09/2021-09/2022<br><br>10,11/2022 –(തുക ബാങ്കിന് കൈമാറി) | 20800 |
| 7. | KUMARAN K.V | 26.01.2022 | 107440201785 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ | ACTIVE | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | സാധിച്ചിട്ടില്ല | |
| 8. | JOHNSON A.O | 20.08.2021 | 107440203567 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ACTIVE | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല | |
| ആകെ | | | | | | | 70400/- |

2. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം നിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10 ആം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായതും എന്നാൽ മറ്റു പ്രാദേശിക സർക്കാരിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുമായ വ്യക്തികളുടെ വിവരം മരണം രജിസ്റ്റർ ചെയ്യപ്പെട്ട പ്രാദേശിക സർക്കാർ അറിയിച്ചിട്ടുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21-22, തീയതി:22.12.2022) നാളിതുവരെ അറിയിച്ചിട്ടില്ലെന്നും ഇനി അറിയിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം അറിയിക്കാത്തതിനാൽ മറ്റു പ്രാദേശിക സർക്കാരിലെ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ കൈമാറ്റം നടന്നിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇത്തരത്തിൽ മറ്റുപ്രാദേശിക സർക്കാർ പരിധിയിൽ സ്ഥിരതാമസക്കാരായതും എന്നാൽ പുത്തൂർ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരം അടിയന്തിരമായി അതത് പ്രാദേശിക സർക്കാരുകളെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്.

3. മേൽ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന സർക്കുലർ പ്രകാരം എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ച കൂടാതെ ധനകാര്യ(എസ്എഫ്സി-ബി)വകുപ്പിനെ അറിയിക്കേണ്ടതാണ്. ആയത് നടപ്പിലാക്കിയിട്ടുണ്ടോ എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.15/21-22, തീയതി:22.12.2022) ഇതുവരെ അറിയിച്ചിട്ടില്ലെന്നും, ഇനി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതെ നോക്കേണ്ടതും, സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-40 ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(Ii) ആട് ഫാം : 20 മൃഗങ്ങൾ
(Iii) പന്നി ഫാം : 5 മൃഗങ്ങൾ
(Iv) മുയൽ ഫാം : 25 മൃഗങ്ങൾ
(V) പൗൾട്രി ഫാം : 100 പക്ഷികൾ

2021-22 സാമ്പത്തികവർഷത്തിലെ ഓഡിറ്റിനായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ ലൈവ്സ്റ്റോക്ക് ഫാമുകളിൽ പശുവിനെ വളർത്തുന്ന ഫാമുകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പഞ്ചായത്ത് അധികൃതരുമായി ചേർന്ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ചുവടെ പറയുന്ന ഫാമുകൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നതായി

കണ്ടു.

| ക്രമ നം. | വാർഡ് | ഉടമസ്ഥൻ | മൃഗങ്ങൾ |
|---|---|---|---|
| 1. | XI | ഷീബ വിജയരാഘവൻ | കന്നുകാലി - 30 |
| 2. | XI | വ്യക്തമല്ല | കന്നുകാലി - 70<br>ആട് – 110 (Approx.)<br>കുതിര -1 |
| 3. | XIII | വ്യക്തമല്ല | കന്നുകാലി – 55 (Approx.) |
| 4. | XV | വ്യക്തമല്ല | കന്നുകാലി – 50 (Approx.) |

പ്രസ്തുത ഫാമുകളിൽ ക്രമ നം.2,3,4 ലെ ഫാമുകളുടെ ഉടമസ്ഥർ ആരെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ മേൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.18/21-22, തിയതി:22.12.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ ഉടമസ്ഥർ ആരെന്ന് പോലുമറിയാതെ പഞ്ചായത്തിൽ അനധികൃതമായി ഫാമുകൾ പ്രവർത്തിക്കുകയും ആയവയ്ക്കെതിരെ യാതൊരുവിധത്തിലുള്ള നടപടിയും എടുക്കാതിരിക്കുന്നത് പഞ്ചായത്തിൻ്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കണക്കാക്കാവുന്നതാണ്. ആയതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകളെ കണ്ടെത്തി ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുകയോ അല്ലെങ്കിൽ 2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്ന് പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-41 രസീതി ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ടമെന്റ് എഞ്ചിനീയറിംഗ് വിംഗിന്റെ നം.4988 രസീതി ബുക്ക് പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 (സി) പ്രകാരം രസീതി നൽകുമ്പോൾ പണം അടച്ച വ്യക്തിക്ക് ഡ്യൂപ്ലിക്കേറ്റ് കീറി നൽകേണ്ടതും ഒറിജിനൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത ബുക്കിൽ ഭൂരിഭാഗം രസീതുകളിലും ഒറിജിനൽ കീറി നൽകുകയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും ചട്ടം പാലിക്കേണ്ടതുമാണ്.

## 1-42 നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ ഓഡിറ്റിനായി വി.ഇ.ഒ മാന്നാമംഗലം സർക്കിൾ ഹാജരാക്കിയ നം.14792 നമ്പർ രശീതി ബുക്കും, ആയതിന്റെ കളക്ഷൻ രജിസ്റ്ററും പരിശോധിച്ചപ്പോൾ ഗുണഭോക്തൃവിഹിതം ഇനത്തിൽ രസീത് നം.16 മുതൽ 25 വരെയായി ചുവടെ പറയുംപ്രകാരം 1800 രൂപയുടെ വരവുണ്ട്.

| രസീത് നം. | തീയതി | തുക |
|---|---|---|
| 16 | 24.05.2022 | 180 |
| 17 | 10.06.2022 | 180 |
| 18 | 28.06.2022 | 180 |
| 19,20,21,22,23 | 07.07.2022 | 900 |
| 24 | 10.08.2022 | 180 |

| | | |
|---|---|---|
| 25 | 17.08.2022 | 180 |

മേൽ പട്ടികയിലുള്ള വരവ് 2022-23 സാമ്പത്തികവർഷത്തെ ഡേ ബുക്കുമായി ഒത്തുനോക്കിയപ്പോൾ ഈ തുകകൾ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. തുടർപരിശോധനയിൽ പ്രസ്തുത തുക പഞ്ചായത്തിൽ അടവക്കാതെ കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിച്ചു വെച്ചിരിക്കുന്നതായി കാണപ്പെട്ടു. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 16 (2) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ദിവസേനയുള്ള കളക്ഷൻ അന്നേ ദിനമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കേണ്ടതാണ് എന്ന വ്യവസ്ഥ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത തുക നാളിതുവരെയായി പഞ്ചായത്തിൽ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/21-22, തീയതി:23.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും, വരവായി ലഭിക്കുന്ന തുക അന്നേ ദിനമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിനമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-43 രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം

1) വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) സ്പിൽ ഓവർ - പദ്ധതി നമ്പർ148/22, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ)-പദ്ധതി നമ്പർ 8/22 എന്നീ പദ്ധതികൾ നടപ്പിലാക്കിയതിൽ വികസനഫണ്ടിൽ നിന്നും യഥാക്രമം 312500, 2275000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ അക്വിറ്റൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പരിപാലിക്കുന്നില്ല. ഉദാ. ലിസ്സി,ആലക്കാപറമ്പിൽ, കുഞ്ഞുമോൾ പുത്തൻ പുരയ്ക്കൽ എന്നിവർക്ക് വൗച്ചർ നമ്പർ 22101324/29.07.21/75000 പ്രകാരം 12500 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ടി വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ കൃത്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-30/23.12.22) മറുപടി നൽകിയിട്ടുണ്ട്. ചെലവു വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ലൈഫ് ഭവന നിർമ്മാണത്തിന് ധനസഹായം-സ്പിൽഓവർ പദ്ധതി(നം.150/22), ലൈഫ് ഫേസ് 2 ഭവന പദ്ധതി (നം.10/22) എന്നീ പദ്ധതികൾക്ക് ഓഡിറ്റ് വർഷം യഥാക്രമം 2960000,1000000 രൂപ ചെലവുണ്ട്. ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ അക്വിറ്റൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി പരിപാലിക്കുന്നില്ല. ഉദാ. ലൈഫ് ഫേസ് 2 ഭവന പദ്ധതി ഗുണഭോക്താക്കളായ ലാലുമോൻ പാറപ്പായിമലയിൽ, നന്ദിനി ഉണ്ണിക്കൃഷ്ണൻ കരിയക്കാട്ടിൽ എന്നിവർക്ക് വൗച്ചർ നമ്പർ 22101738/25.03.22/400000 പ്രകാരം 40000 രൂപ വീതം നൽകിയിട്ടുണ്ട്. ആയത് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

രജിസ്റ്ററുകളിൽ രേഖപ്പെടുത്തൽ കൃത്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-30/23.12.22) മറുപടി നൽകിയിട്ടുണ്ട്. ചെലവു വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-44 അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട എസ് സി/എസ് ടി പദ്ധതികളുടെ നിർവ്വഹണം ഹെഡ്മിസ്ട്രസ്സിനെ ഏൽപ്പിച്ചു

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുകയെന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗവികസനം വർക്കിങ്ങ് ഗ്രൂപ്പിന്റെ ചുമതലകളിൽപ്പെടുന്നതാണ്. പ്രസ്തുത വർക്കിങ്ങ് ഗ്രൂപ്പിന്റെ കൺവീനർ ഗ്രാമപഞ്ചായത്തിന്റെ അസി.സെക്രട്ടറിയാണ്. കൂടാതെ 22.03.2014-ലെ സ.ഉ.(എം.എസ്.)നം.59/2014/തസ്വഭവ പ്രകാരം അസി.സെക്രട്ടറിമാർ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ SC/ST പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്തുകളിലെ അസി.സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്,പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്,പട്ടിക വർഗ്ഗ വിഭാഗത്തിൽഉൾപ്പെടുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്നീ പ്രോജക്റ്റുകൾ നടപ്പാക്കിയിരിക്കുന്നത് എൽ പി സ്കൂൾ ഹെഡ്മിസ്ട്രസ്സാണ്. ടി പ്രോജക്റ്റുകൾ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്നതിന് പകരം, സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി എൽ പി സ്കൂൾ ഹെഡ്മിസ്ട്രസ്സിനെ ഏൽപ്പിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 29/03/17ലെ സർക്കാർ ഉത്തരവ് (എം എസ്) നം.72/2017 തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 9(7) പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട വിദ്യഭ്യാസ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ ആയതിനാലാണ് നിർവ്വഹണ ചുമതല ഹെഡ്മിസ്ട്രസ്സിനു നൽകിയതെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക്(4/19.12.22) മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 തസ്വഭവ തീ 14.02.2018 ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി /പട്ടിക വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രോജക്റ്റുകളാണ് മേൽ പ്രകാരം സൂചിപ്പിച്ച പ്രോജക്റ്റുകൾ (ഉത്തരവിന്റെ 7.2.5,7.2.8 നമ്പർ ഖണ്ഡികകൾ). ആയതിനാൽ സാധനങ്ങളുടെ പ്രൊക്യൂർമെന്റ് ഉൾപ്പെടുന്ന, ഡിഗ്രി തലം മുതലുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന

വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള ഇത്തരം പ്രോജക്ടുകൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം നിർവ്വഹണചുമതല നല്കി പ്രോജക്റ്റുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-45 മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതി-മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്,സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ, ഹോമിയോ

1) പദ്ധതി നമ്പർ- 86/21-22

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

വൗച്ചർ നമ്പർ- 22101494/10.12.21, തുക-250000 രൂപ

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് PF-799/19.10.21 പ്രകാരം 250000 രൂപ ഹോംകോയ്ക്ക നൽകിയിട്ടുണ്ട്. 134926 രൂപയുള്ള മരുന്ന ലഭ്യമാക്കിയതിന്റെ ടാക്സ് ഇൻവോയ്സ് (LF-1130/25.11.22) മാത്രമാണ് ഫയലിലുള്ളത്. ബാക്കി തുകയ്ക്ക് മരുന്ന ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)പദ്ധതി നമ്പർ- 87/21-22,

മരത്താക്കര എസ് സി പി ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ

വൗച്ചർ നമ്പർ- 22101502/10.12.21, തുക-200000 രൂപ

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് PF-802/19.10.21 പ്രകാരം 200000 രൂപ ഹോംകോയ്ക്ക നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം. 6/19.12.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-46 കാൻ വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ ,കുടുംബാരോഗ്യ കേന്ദ്രം, പുത്തൂർ

പ്രൊജക്റ്റ് നമ്പർ-127/22

വൗച്ചർ നമ്പർ- 22101679/14.03.22

ക്യാൻ തൃശ്ശൂർ വിഹിതം എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2 ലക്ഷം രൂപ മേൽ വൗച്ചർ പ്രകാരം കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 25/23.12.22)

## 1-47 സമഗ്ര കറവപ്പശു തീറ്റ വിതരണ പദ്ധതി- കേരള ഫീഡ്സിന്റെ ഇൻവോയ്സ്,കൈപ്പറ്റ് രസീത്,കാലിത്തീറ്റ വിതരണ രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ 1500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
പദ്ധതി നമ്പർ- 283/21-22

സമഗ്ര കറവപ്പശു സംരക്ഷണ പദ്ധതി(വനിത)

വൗച്ചർ നമ്പർ- 22101376/16.10.21, തുക-1500000രൂപ

ഓഡിറ്റ് വർഷം ക്ഷീര കർഷകരായിട്ടുള്ള 150 വനിതകൾക്ക് 100 കി ഗ്രാം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതു പ്രകാരം കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 15 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്റ്റിന് ആകെ ചെലവ് പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച 15,00,000 രൂപ മാത്രമാണ്. പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതം വിതരണം ചെയ്യുന്ന സ്ഥാപനത്തിലേക്ക് നേരിട്ട് അടവാക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ)22/18/ ത.സ്വ.ഭ.വ തീ 14.2.18 ഖണ്ഡിക 2.8 പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്ന സംഗതികളിലാണ് ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതില്ലാത്തത്. കാലിത്തീറ്റ വിതരണത്തിന് സപ്ലൈ ഓർഡർ നല്കിയിരിക്കുന്നത് വെറ്ററിനറി സർജൻ ആണ്. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥൻ രസീത് നല്കി

ഗുണഭോക്തൃവിഹിതം പിരിക്കേണ്ടിയിരുന്നതും കേരളഫീഡ്സിന് അടവാക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ക്ഷീര സംഘങ്ങൾ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് കേരള ഫീഡ്സിനു അടവാക്കുകയാണ് ചെയ്യുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ രസീത് നല്കി ഗുണഭോക്തൃവിഹിതം പിരിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞും,കേരള ഫീഡ്സിനു മേൽ വൗച്ചർ പ്രകാരം 1500000 രൂപ ട്രാൻസ്ഫർ ചെയ്തതിന്റെ കൈപ്പറ്റ് രസീത്, കാലിത്തീറ്റ വിതരണം ചെയ്തതിന്റെ ഇൻവോയ്സ്, ക്ഷീര സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്ത രേഖകൾ എന്നിവ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി(എൻക്വയറി നമ്പർ 17/22.12.22) നൽകിയതിന് മാന്ദാമംഗലം ക്ഷീര സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയത്. മുഴുവൻ രേഖകൾ ഹാജരാക്കാത്തതിനാൽ 1500000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 ഔഷധിയിൽ നിന്നും ലഭ്യമാക്കിയ ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണ തിയതി ഇൻവോയ്സ് തിയതിക്കു ശേഷം രേഖപ്പെടുത്തിയിരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ ആയുർവ്വേദം

ആയുർവ്വേദ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ

പദ്ധതി നമ്പർ- 13/21-22, തുക- 10 ലക്ഷം

വൗച്ചർ നമ്പർ- 22101549/24.12.21, തുക-8,00,000

വൗച്ചർ നമ്പർ- 22101614/14.02.22, തുക-2,00,000

സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് ആയുർവ്വേദ ഡിസ്പെൻസറിയിലേക്കു മരുന്ന് ഔഷധിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. താഴെ ചേർത്തിരിക്കുന്ന മരുന്നുകളിൽ നിർമ്മാണത്തിയതിയായി രേഖപ്പെടുത്തിരിക്കുന്നത് മരുന്ന് ലഭ്യമാക്കിയ ഇൻവോയ്സ് തിയതിക്കുശേഷമുള്ള തിയതിയാണ്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ഇൻവോയ്സ് നമ്പർ/തിയതി | നിർമ്മാണ തിയതി |
|---|---|---|---|
| 1 | ദശമൂല രസായനം 25G | 90244297/31.01.22 | 02/22 |
| 2 | ധാന്വന്തരം കഷായം 200 ML | | |

മരുന്നുകൾ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കുന്ന ഇൻവോയ്സിൽ, ഇൻവോയ്സ് തിയതിയ്ക്കുശേഷമുള്ള തിയതി നിർമ്മാണത്തിയതിയായി രേഖപ്പെടുത്തുന്നത് ശരിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/19.12.22) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ഔഷധിയുമായി ബന്ധപ്പെട്ട് ഇൻവോയ്സുകളിൽ ശരിയായ നിർമ്മാണത്തിയതി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-49 ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്

1) നിർവ്വഹണ ഉദ്യോഗസ്ഥ- വി ഇ ഒ, പുത്തൂർ സർക്കിൾ

ലൈഫ് ഭവന പദ്ധതി (എസ്.സി), ലൈഫ് ഭവന പദ്ധതി (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

